പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1848 **26-10-2026-ൽ മറുപടിയ്ക്ക്**

ശബരി റെയിൽപാത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. വി. കെ. സനോജ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കാമെന്ന ഉറപ്പിൽ ശബരി റെയിൽപാതയ്ക്ക് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രം അനുമതി നൽകിയിരുന്നോ; വ്യക്തമാക്കാമോ;

മറുപടി: അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരളസർക്കാർ വഹിക്കുന്നത് സംബന്ധിച്ച് G.O.(MS)No.1/2021/Trans. Dt. 07.01.2021 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകയനുസരിച്ച് (3800 കോടി) 50 ശതമാനം ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയും G.O.(Ms)No.5/2026/TRANS dated 06.02.2026 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന്റെ 50% ആയ 1900 കോടി രൂപ കിഫ്ബി മുഖേന വഹിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് അങ്കമാലി-ശബരിമല റെയിൽവേ ലൈൻ പദ്ധതി പുനരുജ്ജീവിക്കുന്നതായി റെയിൽവേ അറിയിച്ചിരുന്നു . പദ്ധതിക്കാവശ്യമായ ആകെ 305.71 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി ഗതാഗത വകുപ്പും റവന്യൂ വകുപ്പും യഥാക്രമം 06.02.2026-നും 14.03.2026-നും ഭരണാനുമതി (Administrative Sanction) നൽകിയിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിനു റെയിൽവേ അംഗീകാരം നൽകേണ്ടതുണ്ട്.

(ബി) പദ്ധതിക്ക് കിഫ്ബി മുഖേന 1900 കോടി രൂപ അനുവദിക്കാനും എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിൽ നിന്ന് ഭൂമി ഏറ്റെടുക്കാനും മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നോ;വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ